# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2517 12.03.2018 ൽ മറുപടിക്ക്**

## റസ്റ്റ് ഹൗസുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ | ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റസ്റ്റ് ഹൗസുകളുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനികവൽക്കരിച്ച് ഉന്നത നിലവാരത്തിൽ ആക്കുവാൻ നടപടികൾ എടുത്തു വരുന്നു. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. റസ്റ്റ് ഹൗസുകളെ ക്ലാസ്സ് I (31 എണ്ണം) , ക്ലാസ്സ് II (122 എണ്ണം) വിഭാഗങ്ങളായി തരംതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ലാസ്സ് III ഒഴിവാക്കിയിട്ടുണ്ട്.<br>2.എല്ലാ ജീവനക്കാർക്കും യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്.<br>3.ക്യാന്റീൻ സൗകര്യമുള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ക്യാന്റീൻ നടത്തിപ്പിനായി മത്സര ടെണ്ടറിലൂടെ പുറം കരാർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>4.ചുറ്റുമതിലില്ലാത്ത വിശ്രമ മന്ദിരങ്ങളിൽ ചുറ്റുമതിലോ അതിർത്തിക്കല്ലുകളോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>5.റസ്റ്റ്ഹൗസുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും പരിസരം വൃത്തിയായി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.<br>6.കടുത്തുരുത്തി റസ്റ്റ് ഹൗസ്, വൈക്കം റസ്റ്റ് ഹൗസിലെ അഡീഷണൽ ബ്ലോക്ക് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

7. ജീവനക്കാരുടെ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, താൽക്കാലികമായും, ദിവസ വേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നടത്തുന്നുണ്ട്.

8. റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ റസ്റ്റ് ഹൗസിൽ 70 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൈക്കാട് റസ്റ്റ് ഹൗസിൽ 10 ലക്ഷം രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പാലക്കാട് ഡിവിഷന് കീഴിൽ 4 റസ്റ്റ് ഹൗസുകളിൽ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.

9. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം, ജീവനക്കാർക്ക് ട്രെയിനിംഗ് എന്നിവക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. നെടുമങ്ങാട് റസ്റ്റ് ഹൗസിൽ പുതിയ കെട്ടിട നിർമ്മാണം (303 ലക്ഷം), വെഞ്ഞാറമൂട് റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണം(200 ലക്ഷം), ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ റസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം(700 ലക്ഷം), കായംകുളം റസ്റ്റ് ഹൗസ് നവീകരണ പ്രവർത്തനം (180 ലക്ഷം), കോട്ടയം റസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം(590 ലക്ഷം), മലപ്പുറം ജില്ലയിലെ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണം(515 ലക്ഷം), പത്തനംതിട്ട ജില്ലയിലെ റസ്റ്റ് ഹൗസിൽ പുതിയ വി.ഐ.പി ബ്ലോക്ക് നിർമ്മാണം (250 ലക്ഷം) എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പുതിയതായി 11 പ്രവർത്തികൾക്ക് കൂടി ഭരണാനുമതി നല്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്.

| | |
|---|---|
| (ബി) ഈ നടപടികളിലൂടെ വരുമാനം എത്രകണ്ട് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) മുൻ വർഷത്തേക്കാൾ ഗണ്യമായ തോതിൽ വരുമാനം വർദ്ധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**